കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in


## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in


# വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/328/2020

കേരള സംസ്ഥാന ഓഡ

ജില്ലാ ഓഡിറ്റ് ക

തിരുവനന്തപുരം, തീയതി: 05

ഫോൺ. 04

ഇ-മെയിൽ lfadtvm

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓ 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെ ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്ര പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമാ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേ (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സം ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്ത

ഡെപ്യൂട്ടി

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.4/328/2020 തീയതി: 05.06.2020

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വ
ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - (
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തി പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ചശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റി ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റി ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലു സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷാജഹാൻ.എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.02.2020 മുതൽ 21.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ശോശാമ്മ.എസ്സ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അനിഷ.എസ്.ബി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ കോസലരാമദാസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഷിംജി.ജി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.അനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. എസ്.ലതാകുമാരി, | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.കലാറാണി | 1.4.18 മുതൽ 31.3.19 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.മാലിനി | 01.04.18 മുതൽ 31.3.19 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.എസ്. പ്രമോദ് | 1.4.18 മുതൽ 31.3.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. മാഗ്ഡലിൻ | 1.4.18 മുതൽ 31.3.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ലിയോ.എൽ.ജോസ്<br>ശ്രീ.വിശ്വകുമാർ | 01.04.18 മുതൽ 22.06.1<br>23.6.18 മുതൽ 31.3.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 (എ സർക്കിൾ) | ശ്രീമതി.ശ്രീരമ്യ.എസ്.നായർ | 01.04.18 മുതൽ 31.03.1 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീമതി.സജീഷ.എസ് | 01.04.18 മുതൽ 31.03.1 |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി.ലതിക.പി.എസ് | 01.04.18 മുതൽ 31.03.1 |
| വെറ്റിനറി സർജൻ | ഡോ.വി.എൽ.ഭാഗ്യലക്ഷ്മി | 01.04.18 മുതൽ 31.03.1 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുനിത.വി | 01.04.18 മുതൽ 31.03.1 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 09 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് - രൂപീകരണത്തിലെ പാളിച്ചകൾ | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 14 | ലേലം-അപാകതകൾ | 1-14 |
| 15 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കുന്നത്- രേഖകൾ സൂക്ഷിക്കുന്നില്ല | 1-15 |
| 16 | വസ്തു നികുതി - നിർണയം, ഈടാക്കൽ, ഒഴിവാക്കൽ നടപടികളിലെ അപാകതകൾ | 1-16 |
| 17 | ഇ-ടെണ്ടർ ഫോറവില തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. | 1-17 |

| | | |
|---|---|---|
| 18 | പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം-കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ് | 1-18 |
| 19 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല | 1-19 |
| 20 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 21 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 2166162/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | ഐ.കെ.എം. നു പ്രവർത്തനഫണ്ട് നൽകിയതിൽ അപാകത | 1-22 |
| 23 | ജല അതോറിറ്റി, വൈദ്യുതി ബോർഡിനുള്ള കുടിശ്ശികകൾ – വിശദാംശങ്ങൾ ലഭ്യമല്ല | 1-23 |
| 24 | തുടർ സാക്ഷരത – രേഖകൾ ലഭ്യമാക്കിയില്ല. | 1-24 |
| 25 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കേണ്ടതാണ്. | 1-25 |
| 26 | പി.എച്ച്.സി കെട്ടിടത്തിന് വാട്ടർ കണക്ഷൻ- അധിക തുക തിരികെ ഈടാക്കേണ്ടതാണ്. | 1-26 |
| 27 | പെരുങ്കാവ് തയ്യൂർറോഡ് റീ ടാറിംഗ്- സ്വകാര്യ വ്യക്തി കൈയ്യേറി പൈപ്പ് ലൈൻ സ്ഥാപിച്ചു- നഷ്ടം ഈടാക്കിയിട്ടില്ല | 1-27 |
| 28 | ABCപദ്ധതി -ചെലവുരേഖകൾ ഹാജരാക്കണം – തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | ഹരിതവിദ്യാലയം പദ്ധതി പൂർത്തീകരിച്ചില്ല, 4,750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | "മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻറർ പദ്ധതി"- ലക്ഷ്യം കൈവരിച്ചില്ല | 1-30 |
| 31 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി – പൂർത്തീകരിച്ചില്ല. | 1-31 |
| 32 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 1-32 |
| 33 | എസ്.എസ്.എ വിഹിതം – മാർഗ്ഗരേഖ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-33 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| | ഇല്ല | |
| 34 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച പദ്ധതി വിഹിതം | 4-2 |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 42 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 23.6.18 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉ 312822213/- രൂപ വരവും 298679000/ രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. റിവൈസ്ഡ് ബജറ്റ് അനുസരിച്ച് ഉൾപ്പെടെ വരവ് 328432152/- രൂപയും ചെലവ് 307589303/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56,31,330.95 |
| വരവ് | 11,18,72,666.00 |
| ആകെ | 11,75,03,996.95 |
| ചെലവ് | 10,09,29,773.00 |
| നീക്കിയിരിപ്പ് | 1,65,74,223.95 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരി |
|---|---|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | 0 | 1,87,09,030 | 1,87,09,030 | 1,87,09,030 | |
| വികസനഫണ്ട്- എസ്.സി.പി. | 0 | 57,42,100 | 57,42,100 | 57,42,100 | |
| വികസനഫണ്ട്- ടി.എസ്.പി. | 0 | 1,48,904 | 1,48,904 | 1,48,904 | |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 1,46,90,087 | 1,46,90,087 | 1,46,90,087 | |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 35,93,011 | 35,93,011 | 35,93,011 | |
| ട്രഷറി റ്റി.എസ്.ബി | -3,67,887 | 1,32,58,487 | 1,28,90,600 | 45,52,643 | 83,37,9 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 77,83,242 | 77,83,242 | 77,83,242 | |
| MNREGS | 26,737 | 5,56,250 | 5,82,987 | 5,62,509 | 20,4 |
| ബി ഫണ്ട് | 0 | 8,46,960 | 8,46,960 | 8,46,960 | |
| ജോയിന്റ് വെഞ്ച്വർ- TSB | 0 | 48,99,430 | 48,99,430 | 41,53,679 | 7,45,7 |
| SBI E- പേമെന്റ് | 47,023 | 2,27,57,556 | 2,28,04,579 | 2,25,63,778 | 2,40,8 |
| ഡിസാസ്റ്റർ മാനേജ്മെന്റ് അക്കൗണ്ട് | 5,001 | 0 | 5001* | 5001* | |
| SBI പ്ലാൻ ഫണ്ട് | 79,862.20 | 0 | 79,862.20 | 648.80 | 79,213. |
| സാക്ഷരത | 6376.50 | 226 | 6602.5 | 59 | 6543. |

*ദീർഘകാലമായി ഇടപാടുകൾ ഇല്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടിലെ തുക 08.03.2019 ന് IOB യുടെ കേന്ദ്ര ഓഫ "Unclaimed balance account" ലേക്ക് മാറ്റി. തനത് ഫണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്ത ശതമാ |
|---|---|---|---|---|---|---|
| 241 | 14036 | 1566 | 805821 | 46 | 59 | 7 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 26,737 | 5,56,250 | 5,82,987 | 5,62,509 | 20,478 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,52,87,581 | 4,52,87,581 | 4,52,87,581 | 0 |
| ആകെ | 26,737 | 4,58,43,831 | 4,58,70,568 | 4,58,500,90 | 20,478 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 636960 | 324 |
| കർഷക തൊഴിലാളി പെൻഷൻ | 4216800 | 318 |
| വിധവാ പെൻഷൻ | 16200400 | 1362 |
| വാർദ്ധക്യകാല പെൻഷൻ | 26594100 | 2215 |
| വികലാംഗ പെൻഷൻ | 4813000 | 378 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 176000 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14 രാവിലെ 11.00 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

സ്റ്റോക്ക് രജിസ്റ്റർ

തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഫീസ് നവീകരണത്തിന്റെ ഭാഗമായിട്ടും, NREGS ഓഫീസിന് വേണ്ടിയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും വാങ്ങിയിരുന്നു. വർഷാരംഭത്തിൽ ആവശ്യമായി വരുന്നവയുടെ എണ്ണം തിട്ടപ്പെടുത്തി ഒരുമിച്ച് വാങ്ങാതെ വിവിധ കാല വ്യത്യസ്ത നിരക്കുകളിലാണ് വാങ്ങിയത്.

കെൽട്രോണിൽ നിന്നും വാങ്ങിയ മോണിറ്ററുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി വികസന ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നി വകയിരുത്തി പദ്ധതി നടപ്പാക്കിയെങ്കിലും പദ്ധതി രൂപീകരണത്തിന് മാത്രമായാണ് തുക ചെലവഴിച്ചത്. മോണിറ്ററിം ചെലവഴിച്ചിട്ടില്ല.

നിക്ഷേപ പ്രവൃത്തികൾ

കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂർ തുക നൽകിയതിന് ശേ കരാറിലേർപ്പെട്ടത്. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുമില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം

ആയുർവേദ മെഡിക്കൽ ഓഫീസർ- വനിതകളുടെ യോഗപരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ സൂക്ഷിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)- മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എ വാങ്ങിയിട്ടില്ല.

പഞ്ചായത്ത് ആസ്തി സംരക്ഷണം

കുടിവെള്ളകണക്ഷനായി ഗ്രാമ പഞ്ചായത്തിലെ റോഡുകൾ മുറിക്കുന്നതിന് ചാർജ്ജ് ഈടാക്കുന്നുണ്ടെങ്കിലും റോഡ വിവരങ്ങൾ, റീസ്റ്റോറേഷൻ വിവരങ്ങൾ, എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് ആസ്തി സംരക്ഷിക കാര്യക്ഷമത ഇല്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി മുറിക്കുന്ന റോഡ് റ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

സോളാർ പ്ലാന്റ് പ്രവർത്തന ക്ഷമമല്ല

2016-17 ൽ ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുകയിൽ 832000/- രൂപയും 2017-18 ൽ വികസന ഫണ്ടിൽ നിന്നും 970000/- വകയിരുത്തി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം മുഖാന്തിരം ഗ്രാമ പഞ്ചാ സ്ഥാപിച്ച സോളാർ പ്ലാന്റുകൾ നിലവിൽ ഉപയോഗ ക്ഷമമല്ല. 2018-19 വർഷം തനത് ഫണ്ടിൽ നിന്നും 133151/- രൂപ ചെ ഇലക്ട്രിക് കണക്ഷൻ മെയിന്റനൻസും നടത്തിയിട്ടുണ്ട്.

സോളാർ പ്ലാന്റ് സ്ഥാപിക്കലിന് ഗ്രാമപഞ്ചായത്ത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡുമായി ഏർപ്പെട്ടിട്ടില്ല. സോളാർ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2019 | നവംബർ 2019 | തീയതി ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.02.2014 | 2008-09 മുതൽ 2012-13 വരെ | 18.8.2014 |

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രിക പ്രകാരം പി.ഡബ്ല്യ.ഡിക്ക് നൽകിയ നിക്ഷേപ പ്രവൃത്തികൾക്കായുള്ള തുകയിൽ 19125( അവശേഷിക്കുന്നു. എന്നാൽ പ്രസ്തുത തുകയിൽ 154625/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (19.12.15) ലഭിച്ചിട്ടുണ്ട്. തുകയായ 36625/-രൂപ ട്രഷറിയിൽ ഒടുക്കിയതിന്റെ ചെല്ലാനം ( ചെല്ലാൻ നമ്പർ 571/13.01.2016) ഹാജരാക്കിയിട്ടുണ്ട്. 2015-16 മുതൽ 2018-19 വരെയുള്ള വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി 5-നുള്ള മറു 2019-20 വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക 2019-20 വാർഷിക ( പത്രികയിൽ ക്രമീകരിക്കേണ്ടതാണ്.

2. കൃഷി ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം 84000/- മുഴുവനും ചെലവഴ എന്നാൽ സുലേഖചെലവ് പത്രിക പ്രകാരം ഈ ഇനത്തിലെ ചെലവ് 5500/- രൂപ മാത്രമാണ്.

## 1-12 ബജറ്റ് - രൂപീകരണത്തിലെ പാളിച്ചകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വാർഷിക ബജറ്റ് രൂപീകരണ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ജാഗ്രത പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (ഓഡിറ്റ് അന്വേഷണം നം10 ന് നൽകിയ മറുപടി) | റിമാർക്സ് |
|---|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 22.1.2018 | സമയക്രമം പാലിച്ചില്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | മെഡിക്കൽ ഓഫീസർ -30.1.2018<br>കൃഷി ഓഫീസർ -31.1.2018 | വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. (മെഡിക്കൽ ഓഫീസർ, കൃഷി ഓഫീസ ഒഴികെ) |
| 3 | ക്രോഡീകരണത്തിനായി | ജനവരി 25- | ലഭ്യമല്ല | |

| | | | | |
|---|---|---|---|---|
| | വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ന് മുൻപ് | | • ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല annexure 5.1 & 5.2 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 24.2.2018 | സമയക്രമം പാലിച്ചില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 8.3.2018 | സമയക്രമം പാലിച്ചില്ല. |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 19.3.2018 | സമയക്രമം പാലിച്ചില്ല. |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 23.3.2018 | സമയക്രമം പാലിച്ചില്ല. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 26.3.2019 | - |

ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെ

- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല.
- ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് ക നൽകുകയോ ചെയ്തിട്ടില്ല.

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെയ്യാൻ പാടില്ല . താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവ് ചെയ്തു.

| ഹെഡ് | ഇനം | വകയിരുത്തിയ തുക (ബജറ്റ് പ്രകാരം) | വകയിരുത്തിയ തുക (റിവൈസ്ഡ് ബജറ്റ് പ്രകാരം) | ചെലവഴിച്ച തുക |
|---|---|---|---|---|
| 250100101 | നെൽകൃഷി വികസനവും അനുബന്ധ മേഖലയും | 29600 | 29600 | 49870 |
| 220800105 | മറ്റ് ഭരണചെലവുകൾ | 0 | 0 | 198418 |
| 230110102 | വാട്ടർ ചാർജസ് | 200000 | 200000 | 1548756 |
| | | | | |

| | | | | |
|---|---|---|---|---|
| 250100201 | കൃഷിയും അനുബന്ധ മേഖലയും- മറ്റ് വിളകൾ | 50000 | 50000 | 378760 |
| 250103901 | മൃഗസംരക്ഷണം പശ്ചാത്തല സൗകര്യങ്ങൾ | 50000 | 50000 | 200000 |
| 250500301 | സൌരോർജ്ജ പദ്ധതികൾ | 0 | 0 | 133151 |
| 251101302 | വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | 230000 | 230000 | 1000000 |

അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.24/2019,20.02.2020) തുടർന്നുള്ള വർഷങ്ങളിൽ അപാകതകൾ ഒഴിവാക്കി ബജറ്റ് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടപ്ര നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്.

# 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

i. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടും 2018-19 ലെ തൊഴിൽ നികുതി രജിസ്റ്ററും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുമായി ഒത്തുനോക ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | എസ്.ബി.ഐ. പേയാട് | I & II |
| 2 | മലയിൻകീഴ് എസ്.സി.ബി | “ |
| 3 | ഐ.ഒ.ബി. പേയാട് | “ |
| 4 | വിളവൂർക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സംഘം | “ |
| 5 | സെന്റ് ജമ്മാസ്കൂൾ, വിഴവൂർ | “ |
| 6 | കൃഷി ഭവൻ | “ |
| 7 | ജവഹർ പബ്ലിക്ക് സ്കൂൾ | “ |
| 8 | ഫാർമേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഈഴക്കോട് | “ |
| 9 | ഡിവൈൻ ആയുർവേദ ഹോസ്പിറ്റൽ, പിടാരം | “ |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന്, ക്രമ നം. 1 മുതൽ 6 വരെയുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടുള്ളതായും, ക്രമ നം. 7, 8 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നികുതി ഒടുക്കിയതായി പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് സൂക്ഷിക്കുകയോ, വിശദാംശം ര രേഖപ്പെടുത്തുകയോ ചെയ്യിട്ടില്ലാത്തതിനാൽ ആധികാരികത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല. രേഖകൾ പരി ലഭ്യമാക്കേണ്ടതാണ്.

ക്രമ നം. 7, 8 എന്നീ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നതായാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരി അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി വി ലഭ്യമാക്കണ്ടതുമാണ്.

ii. സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലാഭേച്ഛയോടെ പ്രവർ സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷവും സ്ഥാപനനികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മലയിൻകീഴ് എസ്.സി.ബി | I & II |
| 2 | എസ്.പി. കൺവെൻഷൻ സെന്റർ, പേയാട് | I & II |
| 3 | രാജദീപം ഓഡിറ്റോറിയം | I & II |
| 4 | പത്മനാഭ ഓഡിറ്റോറിയം | I & II |
| 5 | ശ്രുതിലയം ഓഡിറ്റോറിയം | I & II |
| 6 | ബി.കെ. ഓഡിറ്റോറിയം | I & II |
| 7 | എസ്.ബി.ഐ. പേയാട് | I & II |
| 8 | ഐ.ഒ.ബി. പേയാട് | I & II |
| 9 | വിളവൂർക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സംഘം | I & II |
| 10 | ഫാർമേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഈഴക്കോട് | I & II |
| 11 | ഡിവൈൻ ആയുർവേദ ഹോസ്പിറ്റൽ, പിടാരം | I & II |

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ക്രമനം. 1,2 എന്നിവയിലെ സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി ഈടാക്ക് അറിയിച്ചുവെങ്കിലും സ്റ്റേറ്റ്മെന്റ് സൂക്ഷിക്കുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനനികുതി സഹിതം ഈടാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

iii. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും 1994 ലെ പഞ്ചായത്ത്രാജ് നിയമം, 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ലേലം-അപാകതകൾ

i. ആഞ്ഞിലി മരം ലേലം ചെയ്യാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്

പൊറ്റയിൽ വാർഡിൽ മുറിച്ചുസൂക്ഷിച്ചിട്ടുള്ള ആഞ്ഞിലിമരത്തിന്(9.06.18 ന് മുറിഞ്ഞുവീണത്) അസിസ്റ്റന്റ് കൺസർവേറ്റർ 14730/- രൂപ വാല്യുവേഷൻ നിശ്ചയിച്ചിട്ടുണ്ട്. രണ്ട് തവണ (31.10.18, 17.11.18 തീയതികളിൽ) ലേലം ശ്രമിച്ചുവെങ്കിലും വാല്യുവേഷൻ തുക കൂടിയതിനാൽ ലേലം നടത്താൻ സാധിക്കാത്തതിനാൽ മരത്തിന്റെ വാല പുനർനിർണയിക്കാൻ 12.12.18 ലെ A1-4742/2018 കത്ത് പ്രകാരം സെക്രട്ടറി അപേക്ഷിച്ചെങ്കിലും അസി.ഫോറസ്റ്റ് കൺ വില പുനർനിർണയിക്കാൻ സാധിക്കില്ലായെന്ന് അറിയിക്കുകയുണ്ടായി (26.12.2018 ലെ എസ്.എഫ്.എ.2- 1634/2016 ന

പ്രകാരം) . തുടർന്ന് അംഗൻവാടി പരിസരത്ത് സൂക്ഷിച്ചിട്ടുള്ള മരം ദ്രവിച്ച് പോകാനും മോഷണം പോ സാധ്യതയുള്ളതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് തുടർനടപടി സ്വീകരിക്കാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്(31.01.2019 ാം നം. തീരുമാനം). എന്നാൽ നാളിതുവരെ മരം ലേലം ചെയ്യാൻ തുടർനടപടി സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അംഗൻവാടി പരിസരത്ത് ആഞ്ഞിലിമരം സൂക്ഷിച്ചിരിക്കുന്ന അറിയിച്ചിട്ടുള്ളത്. ആഞ്ഞിലി മരം ലേലം ചെയ്യാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ii. പഞ്ചായത്തിലെ ഉപയോഗശൂന്യമായ ഫർണിച്ചർ ലേലം- കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഉപയോഗ ശൂന്യമായ ഫർണിച്ചറുകളുടെ ലേലം വിവിധ സാ വർഷങ്ങളിലായി നടത്തിയിട്ടുണ്ട് (8.2.19, 25.5.19, 26.8.19 തീയതികളിൽ). സ്റ്റോക്ക് രജിസ്റ്റർ, ഫർണിച്ചറുകൾക്ക് വാല നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടി മറുപടി ലഭ്യമാക്കി.

ഉപയോഗ ശൂന്യമായ ഫർണിച്ചറുകളിൽ 9 എണ്ണം ലേലം കൊണ്ടുവെന്നും , ബാക്കി ഒന്നും അവശേഷിക്കുന്നില്ലായെന്ന നൽകി. എന്നാൽ ലേല രജിസ്റ്റർ അനുസരിച്ച് 8.2.19 ന് നടന്ന ലേലത്തിൽ ബഞ്ച് ലേലം ചെയ്തിട്ടില്ലാത്തതുമാണ്. ഇത് വന്ന ലേലത്തിലും ഉൾപ്പെട്ടിട്ടില്ല. കൃത്യമായ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇതിന്മേലുള്ള ആധികാരകത ബോധ്യ ലേലത്തിന്റെ വിശദാംശം ലേല രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്താനും സ്റ്റോക്ക് രജിസ്റ്റർ കൃത്യതതോടെ പരിപാല ശ്രദ്ധിക്കേണ്ടതാണ്.

# 1-15 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കുന്നത്- രേഖകൾ സൂക്ഷിക്കുന്ന്

വാർഷിക ധനകാര്യ പത്രിക പ്രകാരം റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ ആകെ 3,79,268/- രൂപ എന്നാൽ റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, അനുബന്ധ ഫയൽ എന്നിവ സൂക്ഷ ലഭ്യമാക്കിയ ഫയലിൽ ആകെ നാല് അപേക്ഷകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. സൈറ്റ് സ്കെച്ച്, തുക കണക്കുകൂട്ടി വിവരം എന്നിവ മാത്രമാണ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. റോഡ് റീസ്റ്റോറേഷൻ വിവരങ്ങളോ തുക അട രേഖകളോ സൂക്ഷിച്ചിട്ടില്ല. റോഡ് കട്ടിംഗ് സംബന്ധിച്ച് കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതും, രജിസ്റ്റർ കാല സൂക്ഷിക്കേണ്ടതുമാണ്.

# 1-16 വസ്തു നികുതി - നിർണയം, ഈടാക്കൽ, ഒഴിവാക്കൽ നടപടികളിലെ അപാകതകൾ

1. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല.

സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 4 മൊബൈൽ ടവറുകൾ നിലവിലുണ്ട്. നാല് മൊബൈൽ ടവറുകളുടെയും വസ്തു ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നം/കെട്ടിട നം. | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | എയർടെൽ ടവർ | 8/130 | 25518 | 2013-14 മുതൽ 2018-19 വരെ |
| 2 | റിലയൻസ് ടവർ | 8/131 | 25518 | 2013-14 മുതൽ |

| | | | | |
|---|---|---|---|---|
| | | | | 2018-19 വരെ |
| 3 | ബി എസ് എൻ എൽ ടവർ | 8/132 | 38274 | 2013-14 മുതൽ 2018-19 വരെ |
| 4 | വയർലെസ്സ് റ്റി റ്റി ഇൻഫോ | 11/563/A | 50589 | 2010-11 മുതൽ 2018-19 വരെ |
| | | ആകെ | 139899/- | |

വസ്തു നികുതി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 4/17.2. മറുപടിയായി കഴിഞ്ഞ വർഷങ്ങളിൽ ഡിമാന്റ് നോട്ടീസ് കൊടുത്തിട്ടും നികുതി ഒടുക്കിയില്ല എന്നും 2020 മാർച്ച് ഒടുക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. പിഴയുൾപ്പെടെയുള്ള കുടിശ്ശിക പിരിച്ചെടുത്ത് അറിയിക്കേണ്ടതാ

2. <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി കണക്കാക്കിയതിൽ കുറവ്.</u>

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ അധികം ഏരിയയുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ കുറഞ്ഞ വിഭാ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി ച..മീറ്ററിന് 40/- രൂപ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കിയിരിക്കു ചുവടെ ചേർക്കുന്നു.

| വാർഡ്, കെട്ടിട നം | പേര്, അഡ്രസ്സ് | കെട്ടിടത്തിന്റെ ഏരിയ(ച.മീ) | ച.മീറ്ററിന് 40/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന നികുതി | ച.മീറ്ററിന് 60/- രൂപ നിരക്കിൽ കണക്കാക്കേണ്ട നികുതി | ഈടാക്കിയത കുറവ് വന്ന ു |
|---|---|---|---|---|---|
| 5/210 D | സി എസ് ജയകുമാർ, ദമാം ടവർ, പേയാട് | 139 | 5560 | 8340 | 2780 |
| 5/210 C | സി എസ് ജയകുമാർ, ദമാം ടവർ, പേയാട് | 209 | 8360 | 12540 | 4180 |

മേൽ അപാകതയ്ക്ക് നിയമാനുസൃത നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി.

3. <u>മേഖലാ വിഭജനം നോട്ടിഫിക്കേഷൻ ലഭ്യമല്ല.</u>

നികുതി കണക്കാക്കുന്നതിന് ഒരേ നമ്പറിലുള്ള കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | പേര്, അഡ്രസ്സ് | മേഖല |
|---|---|---|---|
| 1 | 5/398C | അനിൽ കുമാർ എ ഉത്രാടം | ദ്വിതീയം |
| 2 | 5/398G | അനിൽ കുമാർ എ & ബിന്ദു | പ്രഥമം |
| 3 | 5/398B | അനിൽ കുമാർ എ & ബിന്ദു | ദ്വിതീയം |
| 4 | 5/398D | അനിൽ കുമാർ എ & ബിന്ദു | ദ്വിതീയം |
| | | | |

| | | | |
|---|---|---|---|
| 5 | 5/398F | അനിൽ കുമാർ എ & ബിന്ദു | ദ്വിതീയം |
| 6 | 1/211 | ഹരി. റ്റി.കെ, ശങ്കരൻ നായർ റോഡ് | പ്രഥമം |
| 7 | 1/211 | അർച്ചന നായർ, സൂര്യമംഗലം | ദ്വിതീയം |

കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു കണക്കാക്കുന്നതിന് പഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമ, ദ്വതീയം, തൃിതീയം എന്നിങ്ങനെ മൂന്ന് മേഖ തിരിച്ച്കൊണ്ടുള്ള ഭരണസമിതിയുടെ നോട്ടിഫിക്കേഷൻ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. ഡാറ്റാ പ്യൂരിഫിക്കേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതായി അറിയിച്ചു വിശദാംശങ്ങൾ പരിശോധിക്കുന്നതിന് അനുബന്ധരേഖകൾ ലഭ്യമാക്കാത്തതിനാൽ നിജസ്ഥിതി ഉറപ്പാക്കുന്നതിന് സാധ

5. നികുതി ഒഴിവാക്കിയതിന് ആധാരമായ വിവരങ്ങൾ ലഭ്യമാക്കിയില്ല.

വാർഷിക കണക്കുകളിൽ I-18 ഷെഡ്യൂൾ പ്രകാരം 1081144/-രൂപ കെട്ടിട നികുതി റസിഡൻഷ്യൽ ഇനത്തിലെ ഡ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 16.12.2015 ലെ 358/15-ാം നം ഉത്തരവ് പ്രകാരം 60m2 വരെയുള്ള കെട്ടിടങ്ങളെ നികുതിയിര ഒഴിവാക്കിയതിലൂടെയും, പൊളിഞ്ഞുപോയ കെട്ടിടങ്ങളെ ഒഴിവാക്കിയതിലൂടെയുമാണ് മേൽ തുക ഒഴിവാക്കിയതെന്ന് ലഭ്യമാക്കി. എന്നാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നികുതി ഒഴിവാക്കുന്നതിന് നിയമാനുസൃത നടപടി പാലിച്ചിട്ടില്ല..

മേൽ അപാകതകൾ പരിഹരിച്ച് കെട്ടിടനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള മുഴുവൻ തുകയും ഈടാ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

6. അനധികൃത നിർമ്മാണത്തിന് നികുതി ഇളവ് നൽകി.

അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒരു അനധികൃത കെട്ടിടം മാത്രമാണുള്ളത്.എന്നാൽ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ 5 അനധികൃത കെട്ടിടങ്ങൾ ഉണ്ട്. അനധികൃത നിർമ്മാ ഫൈനൽപ്പെടെയുള്ള നികുതി കണക്കാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണത്തിൽ 17/1/UA നമ്പർ കെട്ടിടത്തെ 6( താഴെയുള്ള കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തി 2016-17 മുതൽ നികുതി ഇളവ് നൽകിയിട്ടുണ്ട്. കൂടാതെ 12/1/U/ കെട്ടിടത്തിന് 2017-18 മുതൽ നികുതി ഈടാക്കിയിട്ടില്ല.

അനധികൃത കെട്ടിട വിവരങ്ങൾ (സഞ്ചയ പ്രകാരം)

| കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണം | വാർഷിക വസ്തു നികുതി |
|---|---|---|---|
| 8/1/UA | ബാബു.& സിന്ധു | 130.96 | 2829 |
| 9/1/C | അനിൽകുമാർ & സരിത | 30.43 | 660 |
| | | | |

| | | | |
|---|---|---|---|
| 12/1UA | ശശിധരൻ നായർ | 75.5 | 1497 |
| 16/1/UA, | ലേഖ.ഒ | 187.17 | 3372 |
| 17/1/UA | പങ്കി നാടാർ & ബേബി | 27.5 | നികുതി ഇളവ് നൽകി (ഫോറം 6 പ്രകാരം 546/- രൂപയാണ് വാർഷിക നികുതി കണക്കാക്കിയത്) |

കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനായി സ്വീകരിച്ച തുടർ നടപടികൾ, നടപടികളുടെ നിലവിലെ അവസ്ഥ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11 നുള്ള മറുപടിയായി കെട്ടിടങ്ങൾ ക്രമവൽക്ക എന്നറിയിച്ചിട്ടുണ്ട്.12/1/UA നമ്പർ കെട്ടിടഉടമ കോടതി വ്യവഹാരത്തിലൂടെ നമ്പർ കരസ്ഥമാക്കി എന്ന് മറുപടി തന്നിട്ടു അനുബന്ധ ഫയലുകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 12/1/ UA നമ്പർ കെട്ടിടം സഞ്ചയയിൽ അനധി രേഖപ്പെടുത്തിയിട്ടുണ്ട്.

അനധികൃത നിർമ്മാണത്തിന്റെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷി ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ക്രമവൽക്കരിക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതുമാണ്. നമ്പർ അനധികൃത നിർമ്മാണത്തിന് 2016-17 മുതലുള്ള നികുതി പുന സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം ഓ അറിയിക്കേണ്ടതാണ്. 12/1/UA നമ്പർ കെട്ടിടത്തിന്റെ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫോറവില തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ-ടെണ്ടറുകളുടെ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എ എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. 2018-19 ൽ ഇ- ടെണ്ടറുകളിൽ നിന്നുള്ള ഫോറം വിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു 38528/- രൂപ ലഭിക്കുവാനുണ്ട്. ഓഡിറ്റ് അന്വേഷണം നം. 8നുള്ള മറു പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറിയുടെ അക്ക നിക്ഷേപിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ടെണ്ടർ ഫോറവില ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം-കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സമയബന്ധ പൂർത്തീകരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാന്വൽ - 2012, സെക്ഷൻ 2112പ്രകാരം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, ഭരണസമിതിയുടെ അനുമതിയോടെ PAC-യുടെ 1% ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% കാലയളവ് നീട്ടികൊടുക്കുന്നതിനും തുടർന്ന് വരുന്ന കാലയള ഫൈൻ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഈ നടപടിക്രമം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിക്കു ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പി.എ.സി, ബിൽ നമ്പർ | കരാർ വച്ച് സൈറ്റ് കൈമാറിയ | പ്രവൃത്തി പൂർത്തീകരിക്കേണ്ട | പ്രവൃത്തി പൂർത്തീകരിച്ച | കരാറുകാരൻ |
|---|---|---|---|---|---|

| | | തീയതി | തീയതി | തീയതി | |
|---|---|---|---|---|---|
| 190/19 | 306836<br>( ബിൽ 14//18-19 25.5.18) | 13.9.17 | 12.12.2017 | 22.3.18 | എ. ഗോപാലകൃഷ്ണൻ നായർ |
| 189/19 | 152521<br>( ബിൽ 1618-19 25.8.18) | 13.9.17 | 12.12.2017 | 26.3.18 | എ.ഗോപാലകൃഷ്ണ നായർ |
| 197/19 | 300153( ബിൽ നമ്പർ 17//18-19 25.5.18) | 16.9.17 | 15.12.2017 | 26.3.18 | മണികണ്ഠൻ.ജി |
| 192/19 | 199827(ബിൽ നമ്പർ 29/18-19 26.6.18) | 2.9.17 | 1.12.2017 | 22.5.18 | ഡി.രാജാമണി |

പണി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ട പദ്ധതികൾ കണ്ടെത്തി നിയമാനുസൃതമായ പിഴ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നം ജി.ഒ.(ആർ.ടി) 2427/2007/ പൊതുവിദ്യാഭ്യാസം തീയതി 1.8.2007 തദ്ദേശ സ്ഥാപന പരിധിയിൽ വരുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽ എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ആയിരം രൂപ ഈടാക്കാനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ കണ്ണശ മിഷൻ സ്കൂൾ , ജവഹർ പബ്ലിക് സ്കൂൾ, ഉദയ എന്നീ സ്കൂളുകൾക്ക് 2018-19 വർഷം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എ 12-നുള്ള മറുപടിയായി മേൽ സ്ഥാപനങ്ങൾ ഫിറ്റ്നെസിനായി അപേക്ഷ നൽകിയിട്ടില്ല എന്ന് അസിസ്റ്റന്റ് എ അറിയിച്ചിട്ടുണ്ട്. ഫിറ്റ്നെസില്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപന ഉറപ്പാക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകത

പ്രോജക്റ്റ് നം 174/2019

അടങ്കൽ തുക 800000/- (CFC Grant)

ചെലവ് തുക 799180/-

നിർവ്വഹണം – സെക്രട്ടറി

